"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - പാലക്കാട് ജില്ല - ചിറ്റൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ബസാർ യു.പി സ്കൂൾ തത്തമംഗലം, സർക്കാർ ജൂനിയർ ബേസിക് സ്കൂൾ പെരുവെമ്പ് എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.3938/2023/GEDN തീയതി,തിരുവനന്തപുരം, 04-07-2023

പരാമർശം:-
1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. പാലക്കാട് ജില്ലാ കളക്ടറുടെ 25/09/2021 ലെ ആർ.ഡി.5/എ.ഡി.എസ്/3053/2017(8) നമ്പർ ഉത്തരവ്
4. 09/06/2022 ലെ സ.ഉ(സാധാ) 3502/2022/പൊവിവ നമ്പർ ഉത്തരവ്
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20/04/2023 ലെ ഇ3/25408/2017 നമ്പർ കത്ത്

ഉത്തരവ്

ബഹു. ചിറ്റൂർ നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും സർക്കാർ ബസാർ യു.പി സ്കൂൾ തത്തമംഗലം, സർക്കാർ ജൂനിയർ ബേസിക് സ്കൂൾ പെരുവെമ്പ് എന്നീ സ്കൂളുകൾക്ക് "4202-01-800-84-00-projects under LAC ADS - other projects (NP)" എന്ന ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിനായി 25,02,500/- (ഇരുപത്തിഅഞ്ചു ലക്ഷത്തി രണ്ടായിരത്തിഅഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2023 മാർച്ച് 31 നകം പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കാത്തതിനാൽ 2023 മാർച്ച് 31 ന മേൽ പറഞ്ഞ തുക സറണ്ടർ ചെയ്യുവെന്നും ആയതിനാൽ മേൽപറഞ്ഞ ശീർഷകത്തിൽ നിന്നും പ്രസ്തുത തുക വീണ്ടും അനുവദിച്ച നൽകണമെന്നും പരാമർശം (5) പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ബസാർ യു.പി സ്കൂൾ തത്തമംഗലം, സർക്കാർ ജൂനിയർ ബേസിക് സ്കൂൾ പെരുവെമ്പ് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനാവശ്യമായ 25,02,500/- (ഇരുപത്തിഅഞ്ചു ലക്ഷത്തി രണ്ടായിരത്തിഅഞ്ഞൂറ് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84-00-projects under LAC ADS - other projects (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച്

പ്രവൃത്തി പൂർത്തികരിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 10-07-2023 11:02:57
സെക്ഷൻ ഓഫീസർ